(സി) ഈ കാലയളവിൽ സംസ്ഥാന പദ്ധതികളുടെ കാര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ ഏതെങ്കിലും തുക പ്രസ്തുത കാലയളവിൽ ചെലവഴിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ച് വരുന്നു.

മിശ്രവിവാഹിതരിൽ പുരുഷനും സ്ത്രീക്കും തുല്യ അംഗീകാരം നൽകുവാൻ നിയമം

89 [1434] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടയാളാണെങ്കിൽ അവർക്കും അവരുടെ മക്കൾക്കും സർക്കാരിൽനിന്നും ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മിശ്രവിവാഹിതരിൽ പുരുഷന്റെ ജാതി മാത്രം മക്കൾക്കു പരിഗണിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ?

ഉത്തരം

(എ) 25-1-1977-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 11/77/ഡി.ഡി. പ്രകാരം മിശ്രവിവാഹിത ദമ്പതികളിലൊരാൾ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ കുട്ടികളെ പട്ടികവിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കുകയും അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്ക് അനുവദനീയമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുകയും ചെയ്തിരുന്നു.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പിതാവിന്റെ ജാതിയാണ് ഹിന്ദു പാരമ്പര്യ നിയമം അനുസരിച്ച് പരിഗണിക്കേണ്ടതെന്ന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചാണ് 20-6-2005-ലെ 25/05/പ.ജ.പ.വ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പ്രഖ്യാപിത പദ്ധതികൾ

90 [1431] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് പ്രസംഗങ്ങളിലൂടെയും, വകുപ്പ് മന്ത്രിമാർ സഭയിലും പുറത്തും നല്കിയ ഉറപ്പുകളുടേയും അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളും പരിപാടികളും നടപ്പിലാക്കാൻ ഇനിയും അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രഖ്യാപിത പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കാൻ കഴിയാത്തവ ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ അതിനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ; ഇതു സംബന്ധമായി എന്തെങ്കിലും കോടതി വിധിയുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ മിശ്രവിവാഹം പ്രോൽസാഹിപ്പിക്കുന്നുണ്ടോ;

(ഇ) എങ്കിൽ മിശ്രവിവാഹിതരിൽ പുരുഷനും സ്ത്രീക്കും തുല്യ അംഗീകാരം നൽകുകയും തങ്ങളുടെ മക്കളെ തങ്ങൾക്കിഷ്ടമുള്ള ജാതി സ്വീകരിക്കുന്നതിനുള്ള അവസരം നൽകുന്നതിനായി ഉത്തരവിറക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അതിനുള്ള നടപടി ആരംഭിക്കുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഭൂരിഭാഗം പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്നവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) പ്രഖ്യാപിത പദ്ധതികളിൽ ഇതുവരെയും നടപ്പിലാക്കാൻ കഴിയാത്തവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബഹു. സുപ്രീം കോടതിയുടെ 2003-ലെ 659, 4413, 4414 എന്നീ സിവിൽ അപ്പീലുകളിൻമേലുള്ള വിധിന്യായത്തിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ജാതിസ്ഥിതി അച്ഛന്റെ ജാതി പ്രകാരമായിരിക്കണമെന്ന് ഉത്തരവായത്. മേൽപ്പറഞ്ഞ വിധിന്യായങ്ങളുടെ പകർപ്പുകൾ അനുബന്ധമായി വെച്ചിട്ടുണ്ട്.†

(ഡി) ഉണ്ട്.

(ഇ) ഹിന്ദു കൗസ്റ്റമറി നിയമമനുസരിച്ച് പിതാവിന്റെ ജാതിയാണ് പരിഗണിക്കേണ്ടതെന്ന് ബഹു. സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതു സംബന്ധിച്ച് മറിച്ചൊരു തീരുമാനമെടുക്കാൻ സംസ്ഥാന ഗവൺമെന്റിനു കഴിയുകയില്ല.

(എഫ്) ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഇന്ത്യൻ പാർലമെന്റിനു മാത്രമേ കഴിയുകയുള്ളൂ.

മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

91 [1435] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly